# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5056.

15-11-2019 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധനവ്

**ചോദ്യം**

ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ നെൽകൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന കാലയളവിനുള്ളിൽ പാലക്കാട് ജില്ലയിൽ 13,930.59 ഹെക്ടർ കൃഷി വർദ്ധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 62592.6 ഹെക്ടർ ഉണ്ടായിരുന്ന നെൽകൃഷി 2017-18 ൽ 76294.6117 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, 2018-19-ൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തെ തുടർന്ന് നെൽകൃഷി 70919.9098 ഹെക്ടർ ആയി കുറഞ്ഞിരുന്നു. 5444.8 ഹെക്ടർ നെൽകൃഷി പ്രളയത്തിൽ നഷ്ടപ്പെട്ടതിനാലാണ് വിസ്തൃതി കുറഞ്ഞത്. 2019-20 സാമ്പത്തിക വർഷം വിരിപ്പും മുണ്ടകനും കൂടി 76523.19 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി കഴിഞ്ഞ മൂന്ന് വർഷങ്ങളിലും നടപ്പാക്കിയിരുന്നു. സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500/- രൂപയും, സവിശേഷ നെല്ലിനങ്ങളുടെ കൃഷിക്ക് ഹെക്ടറിനു 10,000/- രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000/- രൂപയും, കരനെൽ കൃഷിക്ക് 13,600/- രൂപയും ധനസഹായമായി നൽകിവരുന്നു. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5,400/- രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിനു 500/- രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഗ്രൂപ്പ് ഫാമിങ് സമിതികൾക്ക് ഹെക്ടറിനു 360/- രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1,000/- രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.<br>നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.<br>നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, ആർ കെ വി വൈ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>കർഷകരിൽ നിന്നും സപ്ലൈകോ മുഖേന കിലോയ്ക്ക് 26.95 രൂപ നൽകി നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ ഭക്ഷ്യ പൊതു വിതരണ വകുപ്പ് സ്വീകരിച്ചു വരുന്നു.<br>വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രളയം പോലുള്ള സാഹചര്യത്തിൽ പൂർണ്ണനഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും കർഷകന് ലഭിക്കും. പ്രകൃതിക്ഷോഭം കൊണ്ടുള്ള കൃഷി നാശത്തിന് ഇൻഷ്വർ ചെയ്ത വിളകളാണെങ്കിൽ നെല്ലിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000/- രൂപയും നഷ്ടപരിഹാരമായി നൽകി വരുന്നു. കീടരോഗബാധ കൃഷിഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനുശേഷവും കീടരോഗ ആക്രമണമുണ്ടായാൽ നഷ്ടപരിഹാര തുകയ്ക്ക് അർഹതയുണ്ട്. നെൽകൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിൽ അധികം നാശനഷ്ടം ഉണ്ടായാൽ ആയത് പൂർണ്ണ നാശനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകും. |

സെക്ഷൻ ഓഫീസർ